**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2377** **27-02-2023 - ൽ മറുപടിയ്ക്ക്**

**കിഫ്ബി പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കൊടുവള്ളി നിയോജക മണ്ഡലത്തിൽ അനുവദിച്ചിരിക്കുന്ന കിഫ്ബി പദ്ധതികൾ ഏതെല്ലാമാണെന്നും അവയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും വ്യക്തമാക്കുമോ; | (എ) | കൊടുവള്ളി നിയോജക മണ്ഡലത്തിൽ കിഫ്ബി ധനാനുമതി നൽകിയ പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച വിവരം അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | കൊടുവള്ളി നിയോജക മണ്ഡലത്തിലൂടെ കടന്നുപോകുന്ന ഏതൊക്കെ റോഡുകളാണ് കിഫ്ബി വഴി പുനരുദ്ധരിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; അവയുടെ പ്രവർത്തനം ഏതുഘട്ടം വരെയായി എന്ന് വിശദമാക്കുമോ? | (ബി) | കൊടുവള്ളി നിയോജക മണ്ഡലത്തിലൂടെ കടന്ന് പോകുന്ന കിഫ്ബി വഴി പുനരുദ്ധരിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ള റോഡുകളുടെ പ്രവർത്തനത്തിന്റെ നിലവിലെ സ്ഥിതി അനുബന്ധം 2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# പതിനഞ്ചാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2377**

**27-02-2023 ൽ മറുപടി നൽകേണ്ടിയിരുന്നത്**

**കിഫ്ബി പദ്ധതികൾ**

| ചോദ്യം | മറുപടി |
| --- | --- |
| ഡോ. എം.കെ . മുനീർ | ശ്രീ. കെ. എൻ. ബാലഗോപാൽ<br>(ധനകാര്യ വകുപ്പ മന്ത്രി) |

**മറുപടി നൽകാൻ വൈകിയതിന്റെ കാരണം കാണിക്കൽ പത്രിക**

പതിനഞ്ചാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിൽ 27.02.2023 ന് ധനകാര്യ വകുപ്പ് മന്ത്രി മറുപടി നൽകേണ്ടിയിരുന്ന നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 2377 നുള്ള മറുപടി നൽകുന്നതിൽ കാലതാമസം നേരിട്ടിരുന്നു. ചോദ്യവുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കുന്നതിന്റെയും ക്രോഡീകരിക്കുന്നതിന്റെയും ഭാഗമായുള്ള പ്രവർത്തനങ്ങൾക്ക് സമയം വേണ്ടിവന്നതിനാലാണ് മറുപടി യഥാസമയം നൽകുന്നതിൽ കാലവിളംബം ഉണ്ടായത്. ഇക്കാര്യത്തിൽ മനപ്പൂർവ്വമായ വീഴ്ചയോ ഉദാസീനതയോ ഉണ്ടായിട്ടില്ല.

Reji John

ജോയിന്റ് സെക്രട്ടറി

2377/1

അനുബന്ധം 1

| Sl. No. | Project Code | Sub Project Name | Project Outlay (Rs. In Crore) | SPV Name | Work Status |
|---|---|---|---|---|---|
| 1 | HED007-37 | Augmentation of Infrastructural facilities for CHMKM Government Arts and Science College, Koduvally | ₹ 12.19 | KITCO | KIIFB Approved |
| 2 | GED008-40 | Kozhikode Cluster Phase 7<br>2. GHSS Koduvally Rs. 2.46Cr (Koduvally Constituency) | ₹ 2.46 | INKEL | Work Completed |
| 3 | GED006-03 | Kozhikode Cluster 1<br>1) GMUPS Karuvampoil (Koduvally - 2,43,58,266),<br>2) GHSS Karuvanpoyil (Koduvally - 1,89,48,976) | ₹ 4.33 | KILA | DPR not yet prepared - Coverage issue |
| 4 | GED003-16 | Kozhikode Cluster - 16<br>1. GMUPS Arambram (Koduvally - 99,63,466),<br>2. Govt.MHS Raroth (Koduvally - 99,73,802), | ₹ 1.99 | KILA | Work Tendered |
| 5 | GED005-22 | PPE Mission- Upgradation of one school in each constituency -<br>Kozhikode & Wayanad Districts - Phase 2<br>Govt. HSS, Pannur, Koduvally (Koduvally Constituency) | ₹ 5.00 | KITE | Work Completed |
| 6 | GED008-16 | Kozhikode Kannur Kasargode District Cluster - Phase 2<br>1. Narikuni Government H.S.S, Kozhikode (Koduvally Constituency) 3Cr | ₹ 3.00 | KITE | Work Completed |
| 7 | PWD009-09 | Koduvally Siraj Flyover | ₹ 54.03 | RBDCK | LA in progress |
| 8 | PWD013-19 | CONSTRUCTION OF HILL HIGHWAY BETWEEN THALAYAD - MALAPURAM KODENCHERY 18KM IN KOZHIKODE DISTRICT | ₹ 48.75 | KRFB | work tendered |
| 9 | PWD004-18 | Improvements to Thamarasserry Varattiakkal road in Kozhikode District | ₹ 36.78 | KRFB | Work in progress |
| 10 | PWD015-50 | Improvements to REC Koodathai Road (11.220 Km) in Kozhikode District | ₹ 45.22 | KRFB | KIIFB Approved |
| 11 | PWD015-49 | Improvements of Parappanpoyil Karakunnath Road Km 0/000 To 10/000 In Kozhikode District. | ₹ 45.27 | KRFB | KIIFB Approved |
| 12 | PWD015-56 | KIIFB-2017-18-Improvements to Mavoor-NIT-Koduvally road Km 0/000 to 12/900 in Kozhikode District | ₹ 52.20 | KRFB | LA in progress |

SECTION OFFICER

2377/2

അനുബന്ധം 2

| ക്രമ നം | പദ്ധതി | നിലവിലെ സ്ഥിതി |
|---|---|---|
| 1 | താമരശ്ശേരി വരട്ട്യാക്കൽ റോഡ് | 08.05.2017-ന് 36 കോടി രൂപയുടെ ധനാനുമതി ലഭിച്ച ഈ പ്രവൃത്തി സാങ്കേതികാനുമതി നൽകി ടെൻഡർ ചെയ്ത് 03.02.2018-ന് കരാറുകാരനുമായി എഗ്രിമെന്റിൽ ഏർപ്പെട്ടിരുന്നെങ്കിലും പ്രവൃത്തിക്ക് പുരോഗതി ഇല്ലാത്തതിനാൽ 08.04.2022-ന് കോൺട്രാക്ടറുടെ നഷ്ടോത്തരവാദിത്തത്തിൽ ടെർമിനേറ്റ് ചെയ്തിട്ടുള്ളതും, ബാക്കിയുള്ള പ്രവൃത്തി ടെണ്ടർ ചെയ്ത് ഏറ്റെടുത്ത കരാറുകാരന് 20.03.2022-ൽ LoA നൽകിയിട്ടുമുണ്ട്. എഗ്രിമെൻറ് വച്ച് ഉടൻ പ്രവൃത്തി ആരംഭിക്കാവുന്നതാണ്. |
| 2 | തലയാട് – മലപ്പുറം - കോടഞ്ചേരി റോഡ് | 12.02.2020-ന് 48.75 കോടി രൂപയുടെ ധനാനുമതി ലഭിച്ച ഈ പ്രവൃത്തിയുടെ ഒന്നാം ഘട്ടത്തിന് (തലയാട് - മലപ്പുറം) സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യുകയും തിരഞ്ഞെടുക്കപ്പെട്ട കരാറുകാരന് 25.11.2022-ന് വർക്ക് ഓർഡർ നൽകിയിട്ടുമുണ്ട്. പുതുക്കിയ ധനാനുമതിക്കായി SPV സമർപ്പിച്ച പ്രൊപ്പോസൽ കിഫ്ബിയുടെ ജനറൽ ബോഡി/എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിക്കുന്ന മുറയ്ക്ക് പുതുക്കിയ ധനാനുമതി ഉത്തരവ് പുറപ്പെടുവിച്ച ശേഷം നടപടിക്രമങ്ങൾ പാലിച്ചു കൊണ്ട് കരാറുകാരനുമായി എഗ്രിമെന്റിൽ ഏർപ്പെടുന്നതിന് SPV-ക്ക് നടപടി സ്വീകരിക്കാവുന്നതാണ്.<br><br>ഈ പ്രവൃത്തിയുടെ രണ്ടാം ഘട്ടത്തിനായി (മലപ്പുറം - കോടഞ്ചേരി) SPV സമർപ്പിച്ച DPR അവലോകനം നടത്തി തയ്യാറാക്കിയ വിശദമായ പദ്ധതി അവലോകന റിപ്പോർട്ട് കിഫ്ബിയുടെ ജനറൽ ബോഡി/എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിക്കുന്ന മുറയ്ക്ക് ധനാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്. |
| 3 | പരപ്പൻ പൊയിൽ - കാരക്കുന്നത്ത് റോഡ് | 15.02.2020-ന് 45.27 കോടി രൂപയുടെ ധനാനുമതി ലഭിച്ച ഈ പ്രവൃത്തിക്ക് ഫ്രീ സറണ്ടർ വ്യവസ്ഥയിൽ 77% സ്ഥലം ലഭ്യമായിട്ടുണ്ട്. ഫുൾ ഡെപ്ത് റിക്ലമേഷൻ സാങ്കേതികവിദ്യ ഉപയോഗിച്ച് പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നു വരുന്നു. |
| 4 | മാവൂർ - NIT - കൊടുവള്ളി റോഡ് | ഭൂമി ഏറ്റെടുക്കുന്നതിനുൾപ്പെടെ 52.20 കോടി രൂപയുടെ ധനാനുമതി 15.02.2020-ന് ലഭിച്ച ടി പ്രവൃത്തിയ്ക്ക് 01.08.2022-ലെ GO(Rt) No. 3263/2022/RD ഉത്തരവിന്റെ അടിസ്ഥാനത്തിൽ അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നു. |

| | | |
|---|---|---|
| 5 | R E C - കൂടത്തായി റോഡ് | 16.09.2019-ന് 45.22 കോടി രൂപയുടെ ധനാനുമതി ലഭിച്ച പ്രസ്തുത പ്രവൃത്തിക്കാവശ്യമായ 85% ഭൂമി ലഭ്യമായിട്ടുണ്ട്. ആദ്യത്തെ ടെൻഡറിൽ സിംഗിൾ ക്വാളിഫൈഡ് ബിഡ് ആയതിനാൽ പ്രവൃത്തി 23.12.2022-ന് റീ-ടെണ്ടർ ചെയ്തിട്ടുള്ളതും, ആയത് ടെണ്ടർ അപ്പ്രൂവൽ കമ്മിറ്റിയുടെ അംഗീകാരത്തിന് സമർപ്പിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്. |
| 6 | കേളൻമൂല - അടിവാരം റോഡ് | പ്രസ്തുത പ്രവൃത്തിയുടെ DPR 31.08.2019-ന് SPV കിഫ്ബിയിൽ സമർപ്പിക്കുകയും, 23.10.2019-ന് കിഫ്ബി സാങ്കേതിക അവലോകന റിപ്പോർട്ട് നൽകിയതും, ആയതിന് SPV മറുപടി നൽകിയെങ്കിലും നിർദ്ദിഷ്ട മാതൃകയിലുള്ള DPR സമർപ്പിക്കുന്നതിന് നിർദ്ദേശിച്ച് മടക്കി നൽകി. അടിവാരം മുതൽ കണ്ണപ്പൻ കുണ്ട് വരെ പുതുക്കിയ അലൈൻമെൻറ് പ്രകാരവും, കണ്ണപ്പൻ കുണ്ട് മുതൽ കേളപ്പൻമൂല വരെ പൊതുമരാമത്ത് വകുപ്പ് നിരത്തു വിഭാഗം അംഗീകരിച്ച അലൈൻമെൻറ് പ്രകാരമുള്ള DPR സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരികയാണെന്നാണ് നിർവ്വഹണ ഏജൻസിയായ KRFB അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ